## ഫോൺ വിളിക്കിടെ ഊഞ്ഞാലിൽ കഴുത്ത് കുരുങ്ങി; യുവാവിനെ മരിച്ച നിലയിൽ കണ്ടെത്തി

തിരു : അരുവിക്കര മുണ്ടേലയിൽ യുവാവ് ഊഞ്ഞാൽ കയർ കഴുത്തിൽ കുരുങ്ങി മരിച്ച നിലയിൽ. മുണ്ടേല - മാവുകോണം -തടത്തരിക്കത്ത് പുത്തൻ വീട്ടിൽ സിന്ധു കുമാർ എന്ന് വിളിക്കുന്ന അഭിലാഷ് ( 27 ) ആണ് മരിച്ചത്. ചൊവ്വാഴ്ച പുലർച്ചെ നാല് മണിയോടെയാണ് വീട്ടുകാർ യുവാവിനെ മരിച്ച നിലയിൽ കാണുന്നത്.കഴിഞ്ഞ ദിവസം രാത്രി 11 മണിയോടെ ഊഞ്ഞാലിൽ ഇരുന്ന് ഫോൺ വിളിക്കുന്നത് വീട്ടുകാർ കണ്ടിരുന്നു. വീട്ടിൽ സഹോദരിയും കുട്ടികളും മാത്രമാണ് ഉണ്ടായിരുന്നത്. സിന്ധുകുമാർ മദ്യപിച്ചിട്ടുണ്ടായിരുന്നുവെന്നാണ് വിവരങ്ങൾ. കേബിൾ ടിവി ജീവനക്കാരനാണ്.


സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004



സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com



www.swathanthramandapam.com | വാല്യം: 59 | ലക്കം: 255 | 2025 ഫെബ്രുവരി 04 ചൊവ്വ | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in


# കുടിയേറ്റക്കാരുമായി യുഎസ് സൈനിക വിമാനം ഇന്ത്യയിലേയ്ക്ക് തിരിച്ചു



വാഷിംഗ്ടൺ: യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ കർശന നിർദേശത്തിന് പിന്നാലെ യുഎസ് സൈനിക വിമാനത്തിൽ ഇന്ത്യൻ കുടിയേറ്റക്കാരെ നാടുകടത്താൻ തുടങ്ങിയതായി റിപ്പോർട്ട്. യുഎസിന്റെ സി-17 വിമാനമാണ് ആദ്യ സംഘം കുടിയേറ്റക്കാരുമായി ഇന്ത്യയിലേക്ക് പുറപ്പെട്ടിരിക്കുന്നത്. യുഎസിൽ ഏകദേശം 18,000 ഇന്ത്യൻ കുടിയേറ്റക്കാരാണ് അനധികൃതമായി താമസിക്കുന്നതെന്നാണ് ബ്ലൂംബെർഗ് റിപ്പോർട്ട് ചെയ്യുന്നത്. കുടിയേറ്റക്കാരെ തിരിച്ചയയ്ക്കുന്ന യുഎസ് സൈനിക വിമാനങ്ങളുടെ ഏറ്റവും ദൂരെയുള്ള ലക്ഷ്യസ്ഥാനം ഇന്ത്യയാണ്.

7.25 ലക്ഷം ഇന്ത്യക്കാർ യുഎസിൽ അനധികൃതമായി താമസിക്കുന്നുണ്ടെന്നാണ് റിപ്പോർട്ടുകൾ. ഗുജറാത്ത്, പഞ്ചാബ്, ആന്ധ്രാപ്രദേശ് സംസ്ഥാനങ്ങളിൽ നിന്നാണ് അനധികൃത കുടിയേറ്റക്കാർ കൂടുതൽ. മലയാളികൾ കുറവാണ്. മടങ്ങുന്നവരുടെ എണ്ണം 30,000 വരെയാകാം. രേഖകളില്ലാത്ത വ്യക്തികളെ കണ്ടെത്തുന്നതാണ് വലിയ വെല്ലുവിളി. മൊത്തം അനധികൃത കുടിയേറ്റക്കാർ 15 ലക്ഷത്തോളമാണ്. മടങ്ങുന്നവരുടെ എണ്ണത്തിൽ മെക്സിക്കോക്കും എൽ സാൽവദോറിനും പിന്നിലാണ് ഇന്ത്യ.

24 മണിക്കൂറിൽ വിമാനം ലാൻഡ് ചെയ്യുമെന്നാണ് വിവരം. 2023 ഒക്ടോബർ മുതൽ 2024 സെപ്റ്റംബർ വരെ 1,100 ഇന്ത്യൻ അനധികൃത കുടിയേറ്റക്കാരെ യുഎസ് തിരിച്ചയച്ചെന്നാണ് റോയിട്ടേഴ്സിന്റെ റിപ്പോർട്ടിൽ പറയുന്നത്.

നാടുകടത്തുന്നതിന്റെ ഭാഗമായി ഇതുവരെ 5,000ൽ അധികം പേരെ ട്രംപ് ഭരണകൂടം തടവിലാക്കിയിട്ടുമുണ്ട്.

അതേസമയം, പ്രധാനമന്ത്രി നരേന്ദ്രമോദിയും യുഎസ് പ്രസിഡന്റ് ട്രംപും ഈ മാസം കൂടിക്കാഴ്ച നടത്തുമെന്നാണ് റിപ്പോർട്ട്. ഫെബ്രുവരി 13ന് വാഷിംഗ്ടൺ ഡിസിയിൽ വച്ചായിരിക്കും ഇരുനേതാക്കളും കൂടിക്കാഴ്ച നടത്തുന്നത്. മോദിയും ട്രംപും തമ്മിലുള്ള ഫോൺ സംഭാഷണത്തിൽ ഇക്കാര്യം സ്ഥിരീകരിച്ചതായി വൈറ്റ് ഹൗസ് വൃത്തങ്ങൾ അറിയിച്ചിട്ടുണ്ട്. ഫ്രാൻസിൽ 10,11 തീയതികളിൽ നടക്കുന്ന എഐ ഉച്ചകോടിക്ക് ശേഷമായിരിക്കും മോദി വാഷിംഗ്ടണിലേക്ക് പോകുന്നത്. രണ്ട് ദിവസം അവിടെ തങ്ങുന്ന മോദിക്ക് വൈറ്റ് ഹൗസ് സന്ദർശനമടക്കം മറ്റ് ഔദ്യോഗിക പരിപാടികളുമുണ്ട്. വൈറ്റ് ഹൗസിൽ ഒരുക്കുന്ന അത്താഴവിരുന്നിൽ മോദി പങ്കെടുക്കുമെന്നും റിപ്പോർട്ടുണ്ട്. താരിഫ് വിഷയം, അനധികൃത കുടിയേറ്റം എന്നിവയിൽ ഇരുനേതാക്കളും ചർച്ച നടത്താനും സാദ്ധ്യതയുണ്ട്.

## മാതൃഭൂമി മുൻ ഡെപ്യൂട്ടി എഡിറ്റർ എം.പി കൃഷ്ണദാസ് അന്തരിച്ചു



കോഴിക്കോട്: മാതൃഭൂമി മുൻ ഡെപ്യൂട്ടി എഡിറ്റർ എം.പി കൃഷ്ണദാസ് (86) കോഴിക്കോട് തിരുവണ്ണൂരിൽ അന്തരിച്ചു. 44 വർഷത്തെ സേവനത്തിന് ശേഷം 2006-ലാണ് അദ്ദേഹം മാതൃഭൂമി കോഴിക്കോട് യൂണിറ്റിൽനിന്ന് വിരമിച്ചത്.

1962 ഏപ്രിൽ ഒന്നിന് റിപ്പോർട്ടറായാണ് ജോലിയിൽ പ്രവേശിച്ചത്. തൃശ്ശൂരിൽ ന്യൂസ് എഡിറ്ററായും മുംബൈയിൽ സ്പെഷ്യൽ കറസ്പോണ്ടന്റായും ജോലി ചെയ്തിട്ടുണ്ട്. മാതൃഭൂമി വാരാന്തപ്പതിപ്പ്, എഡിറ്റോറിയൽ പേജ് എന്നിവയുടെ ചുമതല വഹിച്ചിട്ടുണ്ട്. എഡിറ്റോറിയൽ പേജിൽ ധാരാളം ലേഖനങ്ങളും എഴുതിയിരുന്നു. 2006 മേയ് 10-നാണ് മാതൃഭൂമി ഡെപ്യൂട്ടി എഡിറ്ററായി അദ്ദേഹം വിരമിച്ചത്.

# കുതിച്ചുയർന്ന് പൊന്ന്; ഇന്ന് ചരിത്രത്തിലെ ഏറ്റവും ഉയർന്ന നിരക്ക്

തിരു: ഇന്നലെ സ്വർണവിലയിൽ നേരിയ കുറവുണ്ടായെങ്കിലും ഇന്ന് വീണ്ടും വില കുതിച്ചുയർന്നു. ഒറ്റയടിക്ക് 840 രൂപയാണ് വർദ്ധിച്ചത്. ഇതോടെ ചരിത്രത്തിൽ ആദ്യമായി സ്വർണവില 62,000 കടന്ന് മുന്നേറി. സംസ്ഥാനത്ത് ഇന്ന് ഒരു പവൻ സ്വർണത്തിന്റെ വില 62,480 രൂപയാണ്. ഒരു ഗ്രാം 22 കാരറ്റ് സ്വർണത്തിന് 105 രൂപ വർദ്ധിച്ച് 7,810 രൂപയിലെത്തി.

ഒരു ഗ്രാം 18 കാരറ്റ് സ്വർണത്തിന് 90 രൂപ വർദ്ധിച്ച് 6,455 രൂപയായി ഉയർന്നു. അപൂർവമായേ ഇത്രയും വർദ്ധനവ് ഒരു ദിവസം സ്വർണവിലയിൽ രേഖപ്പെടുത്താറുള്ളൂ. ഇന്നലെ ഒരു പവൻ സ്വർണത്തിന് 320 രൂപ കുറഞ്ഞ് 61,640 രൂപയായത് സ്വർണം വാങ്ങുന്നവർക്ക് അൽപം ആശ്വാസമായിരുന്നുവെങ്കിൽ ഇന്ന് ആശങ്കയായി അത് മാറി.

രൂപയുടെ മൂല്യം കുത്തനെ ഇടിഞ്ഞതാണ് സ്വർണവില വർദ്ധനയ്ക്ക് കാരണം. ഡോളറിനെതിരെ രൂപയുടെ മൂല്യം എക്കാലത്തെയും താഴ്ന്ന നിലവാരമായ 87.18ലെത്തിയിരുന്നു. ട്രംപ് ഭരണകൂടം താരിഫ് നടപടികൾ താൽക്കാലികമായി നിർത്തിയത് ആഗോള വിപണിയിൽ സ്വർണത്തിന് തിരിച്ചടിയായെങ്കിലും ഇവിടെ വില വർദ്ധിക്കാൻ കാരണമായത് രൂപയുടെ മൂല്യം ഇടിഞ്ഞതാണ്.

സംസ്ഥാനത്തെ വെള്ളിവിലയിൽ ഇന്ന് മാറ്റങ്ങളൊന്നും സംഭവിച്ചിട്ടില്ല. ഒരു ഗ്രാം വെള്ളിയുടെ വില 106 രൂപയും ഒരു കിലോഗ്രാം വെള്ളിയുടെ വില 1,07,000 രൂപയുമാണ്.

# കെഎസ്ആർടിസിയിൽ പണിമുടക്ക് ആരംഭിച്ചു, സമരം ഇന്ന് രാത്രി 12 മണിവരെ



തിരു : കെഎസ്ആർടിസിയിലെ ഒരു വിഭാഗം ജീവനക്കാരുടെ 24 മണിക്കൂർ പണിമുടക്ക് ആരംഭിച്ചു. ഇന്നു രാത്രി 12വരെയാണ് പണിമുടക്ക്. വിവിധ ആവശ്യങ്ങളുന്നയിച്ച് ട്രാൻസ്പോർട്ട് ഡെമോക്രാറ്റിക് ഫെഡറേഷന്റെ (ടിഡിഎഫ്) നേതൃത്വത്തിലാണ് പണിമുടക്കുന്നത്.

ശമ്പളവും പെൻഷനും കൃത്യമായി വിതരണം ചെയ്യുക, 31ശതമാനം ഡിഎ കുടിശിക അനുവദിക്കുക, റൂട്ടുകൾ സ്വകാര്യവത്കരിക്കാനുള്ള നീക്കം ഉപേക്ഷിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചാണ് ഐഎൻടിയുസി യൂണിയനുകളുടെ കൂട്ടായ്മയായ ടിഡിഎഫിന്റെ പണിമുടക്ക്. എല്ലാ മാസവും അഞ്ചാം തീയതിക്ക് മുൻപ് ശമ്പളം നൽകുമെന്ന് മുഖ്യമന്ത്രിയും ഗതാഗത മന്ത്രിയും പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഇപ്പോഴും ശമ്പളം നൽകുന്നത് മാസം പകുതിയോടെയാണ്. ഇതും സമരത്തിന്റെ മറ്റൊരു കാരണമാണ്. എസ്ടിയു, എഫ്എഫ്ജെ എന്നീ സംഘടനകളും സമരത്തിന് പിന്തുണ പ്രഖ്യാപിച്ചതായി ടിഡിഎഫ് നേതാക്കൾ അറിയിച്ചു.

അതേസമയം, പണിമുടക്കാത്ത ജീവനക്കാരെ ഉപയോഗിച്ച് പരമാവധി സർവീസുകൾ നടത്താനാണ് മാനേജ്മെന്റിന്റെ തീരുമാനം. പണിമുടക്കിനെ നേരിടാൻ സർക്കാർ ഡയസ്നോൺ പ്രഖ്യാപിച്ചിട്ടുണ്ട്. സിവിൽ സർജന്റെ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അല്ലാതെ അവധി അനുവദിക്കരുതെന്നാണ് മാനേജ്മെന്റിന്റെ നിർദേശം. ക്യാന്റീനുകൾ പ്രവർത്തിക്കണം. വീഴ്ച വരുത്തിയാൽ ലൈസൻസ് റദ്ദാക്കുമെന്നും മുന്നറിയിപ്പുണ്ട്.

ഡയസ്നോൺ പ്രഖ്യാപിച്ച് പണിമുടക്ക് അട്ടിമറിക്കാനുള്ള നീക്കം വിലപ്പോവില്ലെന്ന് ടിഡിഎഫ് സംസ്ഥാന പ്രസിഡന്റ് തമ്പാനൂർ രവി, വർക്കിംഗ് പ്രസിഡന്റ് എം വിൻസെന്റ് എംഎൽഎ, ജനറൽ സെക്രട്ടറി വി എസ് ശിവകുമാർ എന്നിവർ പറഞ്ഞു. പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതുവരെ ശക്തമായ സമരവുമായി മുന്നോട്ടുപോകുമെന്നും വ്യക്തമാക്കി.

## ഗൺമാനെ തല്ലിച്ചതച്ചു, എന്റെ ജീവന് പോലും ഭീഷണിയാണവർ; ഐസി ബാലകൃഷ്ണൻ എംഎൽഎ

വയനാട്: ഐസി ബാലകൃഷ്ണൻ എംഎൽഎയുടെ ഓഫീസ് ജീവനക്കാരും ഡിവൈഎഫ്ഐ പ്രവർത്തകരും തമ്മിൽ കയ്യാങ്കളി. വയനാട് താളൂരിലാണ് സംഭവം. ഒരു പൊതുപരിപാടിയിൽ പങ്കെടുക്കാൻ എത്തിയതായിരുന്നു എംഎൽഎ. ഡിവൈഎഫ്ഐ പ്രവർത്തകർ എംഎൽഎയെ കരിങ്കൊടി കാണിച്ചു. പിന്നാലെയാണ് സംഘർഷമുണ്ടായത്. എൻഎം വിജയന്റെ മരണവുമായി ബന്ധപ്പെട്ടായിരുന്നു പ്രതിഷേധം. തന്നെ അപായപ്പെടുത്താനുള്ള ശ്രമമാണ് നടക്കുന്നതെന്ന് ഐസി ബാലകൃഷ്ണൻ എംഎൽഎ പ്രതികരിച്ചു. സംഭവത്തിൽ പരിക്കേറ്റ ഗൺമാൻ സുദർശനെയും മൂന്ന് ഡിവൈഎഫ്ഐ പ്രവർത്തകരെയും ബത്തേരി താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.

## എം ആർ അജിത് കുമാറിനെ പൊലീസിലെ കായിക ചുമതലയിൽ നിന്ന് മാറ്റി;



തിരു : എംആർ അജിത് കുമാറിനെ പൊലീസിന്റെ സെൻട്രൽ സ്പോർട്സ് ഓഫീസർ ചുമതലയിൽ നിന്ന് മാറ്റി. പകരം എസ് ശ്രീജിത്തിന് ചുമതല നൽകി. പൊലീസിൽ ബോഡി ബിൽഡിംഗ് താരങ്ങളുടെ പിൻവാതിൽ നിയമനം വിവാദമായിരുന്നു. ഈ സാഹചര്യത്തിൽ തന്നെ സ്ഥാനത്ത് നിന്നും മാറ്റണമെന്ന് അജിത് കുമാർ കത്ത് നൽകുകയായിരുന്നു.

സെൻട്രൽ സ്പോർട്സ് ഓഫീസറാണ് സ്പോർട്സ് ക്വാട്ടയിലെ നിയമനങ്ങളുടെ ഫയൽ നീക്കം നടത്തേണ്ടത്. നേരത്തേ 2 ബോഡി ബിൽഡർ താരങ്ങളെ പൊലീസ് ഇൻസ്പെക്ടർ റാങ്കിൽ നിയമിക്കാൻ തീരുമാനമുണ്ടായിരുന്നു. ഇതിൽ ആഭ്യന്തര വകുപ്പ് ഡിജിപിക്ക് കത്ത് അയയ്ക്കുകയും ചെയ്തു. കത്തിൽ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തിക്കൊണ്ട് നിയമനം നടത്തണമെന്ന നിർദേശം നൽകുകയും ചെയ്തിരുന്നു.

എന്നാൽ, സർക്കാർ തീരുമാനിച്ച പല കായിക താരങ്ങളെയും ഒഴിവാക്കിക്കൊണ്ടാണ് ബോഡി ബിൽഡിംഗ് താരങ്ങളെ നിയമിക്കുന്നത് എന്ന രീതിയിലുള്ള വാർത്തകൾ വന്നത് വലിയ വിവാദമായിരുന്നു. ഇതിന് പിന്നാലെയാണ് എംആർ അജിത് കുമാറിനെ മാറ്റിയത്.

# ബിജെപി നേതാവ് രാധാകൃഷ്ണൻ അനന്തുവിന്റെ സന്ദർശകൻ, ഫ്ളാറ്റിൽനിന്ന് രേഖകൾ കടത്തി

കൊച്ചി: പകുതിവിലയ്ക്ക് സ്കൂട്ടർ വാഗ്ദാനം ചെയ്ത് 350 കോടി രൂപയുടെ തട്ടിപ്പ് നടത്തിയ തൊടുപുഴ സ്വദേശി അനന്തു കൃഷ്ണനുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ പുറത്ത്. മൂവാറ്റുപുഴയിൽ അറസ്റ്റിലായ അനന്തുവിന്റെ കൊച്ചി ഹൈക്കോടതി ജങ്ഷനിലെ അശോക ഫ്ളാറ്റിൽ ബി. ജെ.പി നേതാവ് രാധാകൃഷ്ണൻ വരാറുണ്ടായിരുന്നെന്ന് ഇവിടുത്തെ ജീവനക്കാർ പറയുന്നു. 10 പേരിൽ കൂടുതൽ സ്റ്റാഫും രണ്ട് ഡ്രൈവർമാരും അനന്തുവുമുണ്ടായിരുന്നുവെന്ന് സെക്യൂരിറ്റി ജീവനക്കാരൻ പറയുന്നു.

ഈ ഫ്ളാറ്റിൽ പോലീസ് പ്രാഥമിക തെളിവെടുപ്പ് നടത്തിയിരുന്നു. അനന്തുവിന് കിട്ടിയ വിവിധ വ്യക്തികളുടേയും സംഘടനകളുടേയും പേരിലുള്ള ട്രോഫികളും പുരസ്കാരങ്ങളും ഫ്ളാറ്റിൽ അടുക്കിവെച്ചിരുന്നു. ഇതും തട്ടിപ്പിന്റെ ഭാഗമാണെന്നാണ് പോലീസ് കരുതുന്നത്.

കഴിഞ്ഞ ഞായാറാഴ്ച്ച പല തവണകളായി അനന്തുവിന്റെ സംഘം ഫ്ളാറ്റിൽ നിന്ന് രേഖകൾ മാറ്റിയിരുന്നു. അനന്തു അറസ്റ്റിലായതിന് പിന്നാലെയായിരുന്നു ഈ നീക്കം. ഇതിന്റെ സിസിടിവി ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. രേഖകളുടെ മുകളിൽ പല സ്ഥലങ്ങളുടേയും പേരുകൾ എഴുതിയിട്ടുണ്ട്. അശോക ഫ്ളാറ്റ് സമുച്ചയത്തിലെ മൂന്ന് അപാർട്മെന്റുകളാണ് അനന്തുവും സംഘവും വാടകയ്ക്ക് എടുത്തിരുന്നത്.

ബ്ലോക്ക് അടിസ്ഥാനത്തിൽ സൊസൈറ്റികൾ രൂപീകരിച്ചാണ് അനന്തുവും സംഘവും തട്ടിപ്പ് നടത്തിയത്. സംസ്ഥാനത്ത് 75-ൽ അധികം ബ്ലോക്കുകളിൽ സൊസൈറ്റി രൂപീകരിച്ച് അതിൽ ആളുകളെ അംഗങ്ങളാക്കിയാണ് പണം വാങ്ങിയിരുന്നത്. സ്കൂട്ടറിന് പുറമെ സോളാർ പാനലുകൾ, ലാപ്ടോപ്പ്, രാസവളം, തയ്യൽ മെഷീൻ എന്നിവയും പകുതി വിലയ്ക്ക് നൽകിയിരുന്നു. നാഷണൽ എൻ.ജി.ഒ. കോൺഫെഡറേഷന്റെ പേരിലായിരുന്നു തട്ടിപ്പ്. സ്ത്രീകളാണ് തട്ടിപ്പിൽ കുടുങ്ങിയവരിലേറെയും.

1,20,000 രൂപ വിലയുള്ള സ്കൂട്ടർ 60,000 രൂപയ്ക്ക് നൽകുമെന്നായിരുന്നു വാഗ്ദാനം. പ്രാദേശികതലത്തിൽ വാർഡംഗത്തെയും മറ്റും സ്വാധീനിച്ച് സീഡ് സൊസൈറ്റി എന്നപേരിൽ വാട്സാപ്പ് ഗ്രൂപ്പുണ്ടാക്കി. വിശ്വാസ്യത സൃഷ്ടിക്കാനായി ഇവർ കോഴിക്കോട് പോലീസിന്റെ നേതൃത്വത്തിലുള്ള ക്ഷേമനികേതനിൽ തയ്യൽ ക്ലസ്റ്റർ തുടങ്ങിയിരുന്നു. കണ്ണൂർ പോലീസ് സഹകരണ സംഘവുമായി സഹകരിച്ച് സ്കൂൾ കിറ്റ് വിതരണവും നടത്തി.

അനന്തു അറസ്റ്റിലായശേഷം വിവിധ ജില്ലകളിൽ നിന്നുള്ള പരാതികളുടെ എണ്ണം കൂടിയിട്ടുണ്ട്. തട്ടിപ്പിന്റെ വ്യാപ്തി ഇനിയും ഉയരാനാണ് സാധ്യത. പത്തിലേറെ സന്നദ്ധ സംഘടനകൾ തട്ടിപ്പിനിരയായി. ഇവരിൽ രണ്ട് സംഘടനകൾ പോലീസിൽ പരാതി നൽകിയിട്ടുണ്ട്. കണ്ണൂരിൽ ഇതുവരെ 392 പരാതിയാണ് ലഭിച്ചത്. ഇടുക്കിയിൽ ലഭിച്ചത് 129 പരാതികളാണ്.

2019-ൽ ഇടുക്കിയിൽ തട്ടിപ്പ് കേസിൽ അനന്തു കൃഷ്ണൻ അറസ്റ്റിലായിട്ടുണ്ട്. ജാമ്യത്തിലിറങ്ങിയ ശേഷമായിരുന്നു പുതിയ തട്ടിപ്പ്. നാല് വർഷം കൊണ്ട് പല ഉന്നതരേയും ഇയാൾ തട്ടിപ്പിന് ഇരയാക്കി. കോടികൾ സമ്പാദിച്ച് ആഡംബര ജീവിതം നയിക്കുകയായിരുന്നു ഇയാൾ.

## വീട്ടമ്മയെ കാണ്മാനില്ല

പുതുക്കാട്: തെക്കെ തൊറവിൽ കുറ്റിക്കാടൻ അൽഫോൻസ (60) എന്ന വീട്ടമ്മയെ കാണാനില്ല. വിവരം ലഭിക്കുന്നവർ 7356860470 ഈ നമ്പറുമായി ബന്ധപ്പെടുക. വെളുത്ത നിറമുള്ളതും മെലിഞ്ഞ ശരീരവുമാണ്.

# 'റാഗിങ് നടന്നതായി തെളിവുകളില്ല'; വിദ്യാർഥിയുടെ ആത്മഹത്യയിൽ ന്യായീകരണവുമായി സ്കൂൾ



കാക്കനാട്: താമസിച്ചിരുന്ന ഫ്ളാറ്റ് സമുച്ചയത്തിൽനിന്ന് ചാടി ഒൻപതാം ക്ലാസ് വിദ്യാർഥി മിഹിർ ജീവനൊടുക്കിയ സംഭവത്തിൽ ന്യായീകരണവുമായി ഗ്ലോബൽ പബ്ലിക് സ്കൂൾ അധികൃതർ. ആത്മഹത്യയ്ക്ക് കാരണം സ്കൂളിലെ പ്രശ്നങ്ങളാണെന്ന് കണ്ടെത്താനായിട്ടില്ലെന്ന് സ്കൂൾ അധികൃതർ പറഞ്ഞു. മിഹിറിന് ഏതെങ്കിലും തരത്തിലുള്ള പീഡനമേറ്റതായോ റാഗിങ് നടന്നതായോ അധ്യാപകരോ സഹപാഠികളോ സമ്മതിച്ചിട്ടില്ല.സ്കൂൾ അധികൃതർക്ക് നടപടിയെടുക്കണമെങ്കിൽ ഏതെങ്കിലും തരത്തിലുള്ള തെളിവുകളോ മൊഴികളോ ആവശ്യമാണ്. എന്നാൽ ഇതേവരെ നടത്തിയ അന്വഷണത്തിൽ ഇത് ലഭിച്ചിട്ടില്ലെന്നും അധികൃതർ വ്യക്തമാക്കുന്നു. രക്ഷിതാക്കൾക്ക് അയച്ച കത്തിലാണ് സ്കൂൾ അധികൃതരുടെ വിശദീകരണം.

മിഹിർ ആത്മഹത്യ ചെയ്തതിന് ശേഷം മാത്രമാണ് റാഗിങ് നടന്നതായി കാണിച്ച് വിദ്യാർഥിയുടെ അമ്മ പരാതി നൽകിയതെന്നും അതിന് മുമ്പ് ഇത്തരത്തിലൊരു പരാതി നൽകിയിട്ടില്ലെന്നും സ്കൂൾ അധികൃതർ പറയുന്നു. മിഹിറിന്റെ അമ്മ നൽകിയ പരാതി തൃപ്പൂണിത്തുറ ഹിൽപാലസ് പോലീസിന് കൈമാറിയിരുന്നു. പരാതി ലഭിച്ചശേഷം മിഹിറിന്റെ സഹപാഠികളിൽ നിന്നും അധ്യാപകരിൽ നിന്നും മൊഴിയെടുത്തിരുന്നു. എന്നാൽ മിഹിറിന് ഏതെങ്കിലും തരത്തിലുള്ള പീഡനമേറ്റതായോ റാഗിങ് നടന്നതായോ അധ്യാപകരോ സഹപാഠികളോ സമ്മതിച്ചിട്ടില്ല. ഇതിനെ സാധൂകരിക്കുന്ന തരത്തിലുള്ള തെളിവുകളോ സാക്ഷിമൊഴികളോ ലഭിച്ചിട്ടില്ലെന്നും സ്കൂൾ അധികൃതർ വിശദീകരിക്കുന്നു.

ഇൻസ്റ്റഗ്രാം പോസ്റ്റിൽ പരാമർശിക്കുന്ന പേരുകളും മിഹിറിന്റെ അമ്മ പരാതിയിൽ ചൂണ്ടിക്കാട്ടിയിരുന്നു. എന്നാൽ ഏതെങ്കിലും ഇൻസ്റ്റഗ്രാം പോസ്റ്റിൽ പേര് പരാമർശിച്ചതുകൊണ്ടുമാത്രം അവർക്കെതിരേ നടപടിയെടുക്കാനാവില്ലെന്നും അവർ വിദ്യാർഥികളാണെന്ന കാര്യം പരിഗണിക്കേണ്ടതുണ്ടെന്നുമാണ് സ്കൂൾ അധികൃതരുടെ വിശദീകരണം. സ്കൂൾ അധികൃതർക്ക് നടപടിയെടുക്കണമെങ്കിൽ ഏതെങ്കിലും തരത്തിലുള്ള തെളിവുകളോ മൊഴികളോ ആവശ്യമാണ്. എന്നാൽ ഇതേവരെ നടത്തിയ അന്വഷണത്തിൽ ഇത് ലഭിച്ചിട്ടില്ലെന്നും അധികൃതർ വ്യക്തമാക്കുന്നു.

അതേസമയം അന്വേഷണത്തോട് പൂർണമായും സഹകരിക്കുമെന്നും ഏതെങ്കിലും തരത്തിലുള്ള നടപടികളെടുക്കാൻ പോലീസോ പൊതുവിദ്യാഭ്യാസവകുപ്പോ നിർദേശിച്ചാൽ അതെടുക്കുമെന്നും അധികൃതർ വിശദീകരിക്കുന്നു. എറണാകുളം കളക്ടറേറ്റിൽ നടത്തിയ മൊഴിയെടുപ്പിൽ മരിച്ച കുട്ടി പഠിച്ച ഗ്ലോബൽ പബ്ലിക് സ്കൂളിനോടും മുൻപ് പഠിച്ചിരുന്ന ജെംസ് മോഡേൺ അക്കാദമിയോടും എൻ. ഒ.സി. ഹാജരാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും ഇവർ സമർപ്പിച്ചില്ലെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ എസ്. ഷാനവാസ് വ്യക്തമാക്കിയിരുന്നു. ഇതിന് കുറച്ച് സമയംകൂടി അനുവദിക്കും. അതിനുശേഷം തുടർനടപടിക്കായി സർക്കാരിലേക്ക് ശുപാർശ ചെയ്യും. സി.ബി.എസ്.ഇ. ആയാലും ഐ.സി.എസ്.ഇ. ആയാലും കേരളത്തിൽ ഒരു വിദ്യാഭ്യാസ സ്ഥാപനം തുടങ്ങുന്നതിനു മുൻപ്സംസ്ഥാന സർക്കാരിന്റെ എൻ.ഒ.സി. ആവശ്യമാണ്. അത് ഒഴിവാക്കി സംസ്ഥാന സർക്കാർ ഇതുവരെ അനുവാദം നൽകിയിട്ടില്ലെന്നും എസ്. ഷാനവാസ് പറഞ്ഞു.

ജനുവരി 15-നാണ് തൃപ്പൂണിത്തുറയിൽ താമസിക്കുന്ന ഫ്ളാറ്റ് സമുച്ചയത്തിന്റെ ഇരുപത്തിയാറാം നിലയിൽനിന്ന് ചാടി മിഹിർ ജീവനൊടുക്കിയത്. കുട്ടി മറ്റ് വിദ്യാർഥികളിൽനിന്ന് ക്രൂരമായ പീഡനമാണ് ഏറ്റുവാങ്ങിയതെന്നും ക്ലോസറ്റിൽ തല താഴ്ത്തിവെപ്പിച്ച് ഫ്ളഷ് ചെയ്യുന്നതടക്കമുള്ള പീഡനം അനുഭവിച്ചിരുന്നുവെന്നും കുട്ടിയുടെ അമ്മ പറഞ്ഞിരുന്നു. ഇതിന് പുറമെ നിറത്തിന്റെ പേരിലും കുട്ടികളിയാക്കലിന് വിധേയനായെന്നും ആരോപണമുയർന്നു.


## കോടതി പരസ്യം

### ബഹു. ഇരിങ്ങാലക്കുട കുടുംബകോടതി മുമ്പാകെ

MC: 85/2022, (Exe) M.P. 216/2024

ശരണ്യ എം എസ് മുതൽ പേർ

-ഹരജിക്കാർ

ഷിനോജ് സി എൽ, S/o. ലോഹിതാക്ഷൻ, ചെമ്മണ്ടപറമ്പിൽ ഹൗസ്, കടുക്കച്ചുവട് ദേശം, മേത്തല വില്ലേജ്, കൊടുങ്ങല്ലൂർ താലൂക്ക്, തൃശൂർ ജില്ല

-എതൃകക്ഷി

**പത്രപരസ്യം**

ഹരജിക്കാർക്ക് ചിലവിന് തരാൻ എതൃകക്ഷിയോട് കല്പിച്ച് ഉത്തരവ് പ്രകാരം സംഖ്യ വസൂലാക്കി കിട്ടുവാനാണ് മേൽ നമ്പർ ഹരജി ബോധിപ്പിച്ചിട്ടുള്ളത്. എതിർകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കല്പിച്ച് കേസ് **18-2-2025** തിയ്യതിയിലേക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. അന്നേദിവസം രാവിലെ 11 മണിക്ക് എതൃകക്ഷിയോ ക്രമപ്രകാരം ചുതലപ്പെടുത്തിയ അഭിഭാഷകനോ കോടതിയിൽ ഹാജരാകേണ്ടതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 1-2-2025

ഹരജിഭാഗം അഡ്വക്കെറ്റ്സ്

**സജി ജോസഫ്** (ഒപ്പ്)


# കെട്ടിടത്തിൽനിന്ന് ചാടുംമുമ്പ്'ഒന്നും ചെയ്യല്ലേ' എന്നലറി യുവതി; തെളിവ് പുറത്തുവിട്ട് കുടുംബം

കോഴിക്കോട്: മുക്കത്ത് പീഡനശ്രമം ചെറുക്കുന്നതിനിടെ കെട്ടിടത്തിന്റെ ഒന്നാം നിലയിൽനിന്ന് ഹോട്ടൽ ജീവനക്കാരി ചാടിയ സംഭവത്തിൽ കൂടുതൽ തെളിവുകൾ പുറത്തുവിട്ട് കുടുംബം. യുവതി കെട്ടിടത്തിൽനിന്ന് ചാടുന്നതിന് തൊട്ടുമുമ്പ് ഹോട്ടൽ ഉടമയും ജീവനക്കാരും ഉപദ്രവിക്കുന്നതാണ് വീഡിയോയിലുള്ളത്.

യുവതി താമസിച്ചിരുന്ന സ്ഥലത്തേക്ക് ഹോട്ടൽ ഉടമയും ജീവനക്കാരും വരുമ്പോൾ യുവതി മൊബൈലിൽ വീഡിയോ ഗെയിം കളിക്കുകയായിരുന്നു. ഈ സമയത്ത് സ്ക്രീൻ റെക്കോഡായ വീഡിയോയാണ് ഇപ്പോൾ ഡിജിറ്റൽ തെളിവായി കുടുംബം പുറത്തുവിട്ടത്.


യുവതി അലറിവിളിക്കുന്നതും തന്നെ ഒന്നും ചെയ്യല്ലേ എന്നു പറഞ്ഞ് നിലവിളിക്കുന്നതും വീഡിയോയിലുണ്ട്. 'എന്നെ വിട്, ഞാൻ വരാം' എന്നും യുവതി പറയുന്നുണ്ട്. 'പേടിക്കേണ്ട, അങ്കിളാണ്, ശബ്ദമുണ്ടാക്കരുത്, എന്റെ മാനം പോകും' എന്ന് ഹോട്ടൽ ഉടമ പറയുന്നതും വീഡിയോയിൽ കേൾക്കാം.

പലപ്പോഴായും പെൺകുട്ടിയെ ഹോട്ടൽ ഉടമ പ്രലോഭിപ്പിച്ചിരുന്നു. അതിന്റെ തെളിവുകൾ തങ്ങളുടെ പക്കലുണ്ടെന്നും യുവതിയുടെ ബന്ധുക്കൾ വ്യക്തമാക്കി. മുക്കത്തെ സ്വകാര്യ ഹോട്ടലിലെ ജീവനക്കാരിയായ കണ്ണൂർ പയ്യന്നൂർ സ്വദേശിയായ യുവതിയാണ് അതിക്രമം നേരിട്ടത്.

ശനിയാഴ്ച്ച രാത്രി 11 മണിയോടെയാണ് യുവതി താമസിക്കുന്ന വാടകവീട്ടിലേക്ക് ഹോട്ടൽ ഉടമ ദേവദാസും ജീവനക്കാരായ റിയാസും സുരേഷും അതിക്രമിച്ചെത്തിയത്. തുടർന്ന് ഉപദ്രവിക്കാൻ ശ്രമിച്ചു. ഇതിനിടയിൽ വീടിന്റെ ഒന്നാം നിലയിൽനിന്ന് യുവതി ചാടുകയും ഇടുപ്പെല്ലിന് പരിക്കേൽക്കുകയും ചെയ്തു. ബഹളം കേട്ട് ഓടിയെത്തിയ അയൽവാസികളാണ് യുവതിയെ ആശുപത്രിയിലെത്തിച്ചത്. നിലവിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്.

യുവതിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ മൂന്ന് പേർക്കെതിരേയും പോലീസ് കേസെടുത്തിട്ടുണ്ട്. അതിക്രമിച്ചു കടക്കൽ, സ്ത്രീകളെ ഉപദ്രവിക്കൽ എന്നീ വകുപ്പുകൾ പ്രകാരമാണ് കേസ്. എന്നാൽ ഒളിവിൽ പോയ ഇവരെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല.

## സമ്മതമില്ലാതെ വീട്ടുകാർ വിവാഹം നടത്തി, ജീവനൊടുക്കിയ 18കാരിയുടെ പോസ്റ്റുമോർട്ടം ഇന്ന്; സുഹൃത്ത് അപകടനില തരണം ചെയ്തു



മലപ്പുറം: ആമയൂരിൽ ജീവനൊടുക്കിയ നവവധുവിന്റെ പോസ്റ്റുമോർട്ടം ഇന്ന്. വെള്ളിയാഴ്ച നിക്കാഹ് കഴിഞ്ഞ ഷൈമ സിനിവർ (18) ആണ് മരിച്ചത്. മഞ്ചേരി മെഡിക്കൽ കോളേജിലാണ് പോസ്റ്റുമോർട്ടം നടക്കുന്നത്. ഇന്നലെ വൈകിട്ട് ആറ് മണിയോടെയാണ് ഷൈമയെ വീട്ടിൽ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയത്.

രണ്ട് വർഷം മുമ്പ് ഷൈമയുടെ പിതാവ് ഹൃദയാഘാതം മൂലം മരണപ്പെട്ടിരുന്നു. പിതാവ് മരിച്ചതിനെ തുടർന്ന് അദ്ദേഹത്തിന്റെ സഹോദരന്റെ വീട്ടിലായിരുന്നു ഷൈമ താമസിച്ചിരുന്നത്. നിക്കാഹ് കഴിഞ്ഞുവെങ്കിലും പെൺകുട്ടിയെ ഭർത്താവിന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ട് പോയിരുന്നില്ല.

നിക്കാഹിന് പെൺകുട്ടിക്ക് സമ്മതക്കുറവുണ്ടായിരുന്നുവെന്നാണ് പൊലീസ് നടത്തിയ അന്വേഷണത്തിൽ വ്യക്തമായിരിക്കുന്നത്.

വീടിന് സമീപത്തുള്ള 19കാരനുമായി പെൺകുട്ടി ഇഷ്ടത്തിലായിരുന്നു. ഇയാളെ വിവാഹം കഴിക്കണമെന്നായിരുന്നു ഷൈമ ആഗ്രഹിച്ചത്. എന്നാൽ വീട്ടുകാർ സമ്മതിച്ചില്ല. പകരം മറ്റൊരാളുമായി വീട്ടുകാർ വിവാഹം ഉറപ്പിക്കുകയായിരുന്നു. ഇതേത്തുടർന്നാണ് ഷൈമ ജീവനൊടുക്കിയതെന്നാണ് പൊലീസിന്റെ പ്രാഥമിക നിഗമനം. കാരക്കുന്ന് ഹയർ സെക്കൻഡറി സ്കൂളിൽ പ്ലസ്ടു പഠനത്തിനുശേഷം പിഎസ്സി പരീക്ഷാ പരിശീലനം നടത്തുകയായിരുന്നു ഷൈമ.

അതിനിടെ ഷൈമ മരിച്ചതറിഞ്ഞ് 19കാരനായ സുഹൃത്ത് കൈ ഞരമ്പ് മുറിച്ച് ആത്മഹത്യക്ക് ശ്രമിച്ചു. തുടർന്ന് ഇയാളെ മഞ്ചേരി ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. ഇയാൾ അപകടനില തരണം ചെയ്തു. സംഭവത്തിൽ വിശദമായ അന്വേഷണം നടക്കുകയാണെന്ന് പൊലീസ് വ്യക്തമാക്കി.

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



# കേന്ദ്രബജറ്റ് അടിസ്ഥാന വർഗ്ഗ ജനവിഭാഗങ്ങളോടുള്ള വെല്ലുവിളി: അഡ്വക്കേറ്റ് ഷാജൻ മഞ്ഞളി

തൃശ്ശൂർ:കേന്ദ്ര ബജറ്റ് ഭക്ഷണം വസ്ത്രം പാർപ്പിടം തുടങ്ങി അടിസ്ഥാന സൗകര്യങ്ങളില്ലാത്ത 90 കോടിയിലധികം വരുന്ന പാവപ്പെട്ട തൊഴിലാളികളോടും ചെറുകിട കർഷകരോടും കച്ചവടക്കാരോടും ഉള്ള വെല്ലുവിളിയാണെന്ന് സാമൂഹ്യ സുരക്ഷ പെൻഷനേഴ്സ് ജനത എസ് എസ് പി ജെ സംസ്ഥാന രക്ഷാധികാരി അഡ്വക്കേറ്റ് ഷാജൻ മഞ്ഞളി ആരോപിച്ചു വയനാടിന് പ്രത്യേക പാക്കേജോ എയിംസ് തുടങ്ങിയ യാതൊരു വികസന പദ്ധതികളോ അനുവദിക്കാതെയും സാമൂഹ്യ സുരക്ഷാ പെൻഷൻകാർക്ക് കേന്ദ്ര വിഹിതം കൂട്ടാതെയും വിലക്കയറ്റം തടയുന്നതിനുള്ള യാതൊരു നടപടികളും ഇല്ലാതെയും കേന്ദ്ര ബജറ്റ് കേരളത്തെ പൂർണമായും അവഗണിച്ചിരിക്കുകയാണ് ഇതിനെതിരെ ശക്തമായ ജനകീയ പ്രക്ഷോഭം സംഘടിപ്പിക്കണം കേരളത്തിലെ കേന്ദ്രമന്ത്രിമാർ കേരളത്തിന് യാതൊരു പ്രയോജനവും ഇല്ലാത്തവരായി മാറി തൃശ്ശൂരിൽ ഹൈക്കോടതി ബെഞ്ച് അനുവദിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു വടക്കൻ ജില്ലകളിലുള്ളവർക്ക് ഇത് ഉപകാരപ്രദമാകും

## കാറും സ്കൂട്ടറും കൂട്ടിയിടിച്ച് പരിക്ക്

കേച്ചേരി: പുതുശ്ശേരി സെന്റിന് സമീപം കാറും സ്കൂട്ടറും കൂട്ടിയിടിച്ച് സ്കൂട്ടർ യാത്രികൻ പെലക്കാട്ട്പയ്യൂർ സ്വദേശി കെഴുച്ചേരി വളപ്പിൽ വീട്ടിൽ പരമേശ്വരൻ നായർ മകൻ ഉണ്ണികൃഷ്ണ (55) ന് പരിക്കുപറ്റി. ഉണ്ണികൃഷ്ണനെ കേച്ചേരി ആക്ട്സ് പ്രവർത്തകർ യൂണിറ്റി ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

# അമൃത് പദ്ധതിയുമില്ല; സ്റ്റോപ്പുകളുമില്ല; റെയിൽവേ സ്റ്റേഷനെ ആശ്രയിക്കുന്ന യാത്രക്കാർ പ്രക്ഷോഭത്തിലേക്ക്

ഇരിങ്ങാലക്കുട : വരുമാനത്തിലും യാത്രക്കാരുടെ എണ്ണത്തിലും ജില്ലയിൽ രണ്ടാം സ്ഥാനത്തുള്ള ഇരിങ്ങാലക്കുട റെയിൽവേ സ്റ്റേഷനോടുള്ള നിരന്തര അവഗണനയിൽ പ്രതിഷേധിച്ച് യാത്രക്കാർ പ്രക്ഷോഭത്തിലേക്ക്.

അമൃത് പദ്ധതിയും കോവിഡ് കാലത്ത് നിറുത്തലാക്കിയ അഞ്ച് ട്രെയിനുകളുടെ പുനസ്ഥാപിക്കലും സംബന്ധിച്ച് അധികൃതർ നൽകിയ ഉറപ്പുകൾ എങ്ങുമെത്താത്ത സാഹചര്യത്തിലാണ് റെയിൽവേ പാസ്സഞ്ചേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ സമര പരിപാടികളിലേക്ക് നീങ്ങുന്നത്.2023 മാർച്ച് 23 നാണ് റെയിൽവേ സ്റ്റേഷൻ സന്ദർശിച്ച റെയിൽവേ പാസഞ്ചേഴ്സ് അമിനിറ്റീസ് കമ്മിറ്റി ചെയർമാൻ പി കെ കൃഷ്ണദാസ് ഇരിങ്ങാലക്കുട സ്റ്റേഷനെ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി പത്ത് കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചത്.

രണ്ടാം നമ്പർ പ്ലാറ്റ്ഫോമിൽ കോഫീ ഷോപ്പിനായി ഉടൻ ടെണ്ടർ വിളിക്കുമെന്നും പ്രഖ്യാപിച്ചിരുന്നു. വിഷയത്തിൽ സജീവമായി ഇടപെടുമെന്ന് തൃശ്ശൂർ എംപി സുരേഷ് ഗോപിയും വ്യക്തമാക്കിയിരുന്നതായി അസോസിയേഷൻ പ്രതിനിധികൾ ചൂണ്ടിക്കാണിക്കുന്നു. 2024 ഡിസംബർ വരെയുള്ള സമയം അധികൃതർ ആവശ്യപ്പെട്ടിരുന്നതായും അസോസിയേഷൻ പറയുന്നു. കഴിഞ്ഞ ദിവസത്തെ കേന്ദ്രബഡ്ജറ്റിലും അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന 35 സ്റ്റേഷനുകളുടെ പട്ടികയിൽ ഇരിങ്ങാലക്കുട സ്ഥാനം പിടിച്ചിട്ടില്ല. ചാലക്കുടി ലോക്സഭ മണ്ഡലത്തിൽ മൂന്ന് സ്റ്റേഷനുകൾ പട്ടികയിൽ ഇടം പിടിച്ചിട്ടുള്ള വസ്തുതയും ഇരിങ്ങാലക്കുടയിൽ നിന്നുള്ള യാത്രക്കാർ ചൂണ്ടിക്കാണിക്കുന്നുണ്ട്.എല്ലാം പാഴായ സാഹചര്യത്തിലാണ് സമരപരിപാടികളിലേക്ക് നീങ്ങാൻ തീരുമാനിച്ചിരിക്കുന്നത്. വിപുലമായ സമരപ്രഖ്യാപന കൺവെൻഷൻ ഉടൻ വിളിച്ച് ചേർക്കാനും നിരന്തരമായ സമരപരിപാടികളിലേക്ക് നീങ്ങാനുമാണ് കഴിഞ്ഞ കല്ലേറ്റുംകര ഫാ ആൻഡ്രൂസ് ഹാളിൽ കഴിഞ്ഞ ദിവസം ചേർന്ന യാത്രക്കാരുടെ യോഗം തീരുമാനിച്ചിരിക്കുന്നത്. അസോസിയേഷൻ പ്രസിഡന്റ് ഷാജു ജോസഫ് അധ്യക്ഷത വഹിച്ച യോഗത്തിൽ പഞ്ചായത്ത് പ്രസിഡണ്ട് കെ ആർ ജോജോ രക്ഷാധികാരിയും ഐ എൻ ബാബു, ബാബു തോമസ്, പി സി സുഭാഷ്, ടി സി അർജുനൻ എന്നിവർ ഭാരവാഹികളായും സമര പരിപാടികൾക്ക് രൂപം നൽകാൻ കമ്മിറ്റിക്ക് യോഗം രൂപം നൽകിയിട്ടുണ്ട്

# സർക്കാർ, കേരളത്തെ കുട്ടിക്കൊലയാളികളുടെ നാടാക്കി മാറ്റുന്നത് ബോധപൂർവ്വം: തേറമ്പിൽ രാമകൃഷ്ണൻ



തൃശൂർ,വളരെ ബോധപൂർവമാണ് കേരളത്തിൽ കുട്ടികൊലയാളികളെ സർക്കാർ സൃഷ്ടിക്കുന്നതെന്ന് മുൻ സ്പീക്കർ അഡ്വ തേറമ്പിൽ രാമകൃഷ്ണൻ തൃശൂരിൽ പ്രസ്താവിച്ചു. സർക്കാരിന്റെ മദ്യവില്പന ക്കെതിരെ ജനം തിരിയാതിരിക്കുവാൻ മറ്റു ലഹരി വസ്തുക്കൾ അപകടകാരികളാണെന്ന് ജനത്തെ പഠിപ്പിക്കേണ്ടതുണ്ട്. അതിനാൽ അവ ധാരാളമായി സമൂഹത്തിൽ പ്രചരിക്കുവാനും കുട്ടികൾ ധാരാളമായി കുറ്റവാളികളാകാനും സൗകര്യമൊരുക്കുകയാണ് സർക്കാർ ചെയ്യുന്നതെന്ന് സ്വാഭാവികമായും സംശയം തോന്നിക്കുന്നതായും തേറമ്പിൽ ആരോപിച്ചു.

മദ്യ വിമോചന മഹാ സഖ്യം സംസ്ഥാന പ്രസിഡന്റ് ഇ എ ജോസഫിന്റെ 102 മണിക്കൂർ ഉപവാസം നാരങ്ങാനീര് നൽകി അവസാനിപ്പിക്കുന ചടങ്ങിലാണ് തേറമ്പിൽ ഇങ്ങനെ പ്രസ്താവിച്ചത്. ചടങ്ങിൽ സംസ്ഥാന രക്ഷാധികാരി സി ഐ അബ്ദുൾ ജബ്ബാർ അദ്ധ്യക്ഷത വഹിച്ചു.

മദ്യത്തിന്റെയും മറ്റു ലഹരി വസ്തുക്കളുടെയും ഉപയോഗംമൂലം ഏറ്റവും വലിയ ഭീകരാന്തരീക്ഷം കേരളത്തിൽ സംജാതമായിരിക്കുന്നു. അത് തടയുന്നതിൽ പരാജയപ്പെട്ട ഇടതുമുന്നണി സർക്കാരിനെതിരെ എല്ലാം മറന്ന് എല്ലാവരും ഒരുമിക്കേണ്ട സമയമായിരിക്കുന്നുവെന്നും അഡ്വ തേറമ്പിൽ രാമകൃഷ്ണൻ തറപ്പിച്ചു പറഞ്ഞു.

കേരള സാഹിത്യ അക്കാദമി മുൻ സെക്രട്ടറി ഡോ പി വി കൃഷ്ണൻ നായർ, കെസിബിസി മദ്യ വിരുദ്ധ സമിതി തൃശൂർ അതിരൂപത ഡയറക്ടർ റവ ഡോ ദേവസി പന്തല്ലൂക്കാരൻ, മഹിളാ കോൺഗ്രസ് നേതാവ് ലീലാമ്മ തോമസ് ടീച്ചർ, തൃശൂർ പബ്ലിക് ലൈബ്രറി ജോയന്റ് സെക്രട്ടറി രാധാകൃഷ്ണൻ, സിനി ആർട്ടിസ്റ്റ് നന്ദകിഷോർ, ഡോ ജെയിംസ് ചിറ്റിലപ്പിള്ളി, പി കെ ജിനൻ മാസ്റ്റർ, വിത്സൺ പണ്ടാരവളപ്പിൽ, ജെയിംസ് മുട്ടിക്കൽ, കെ എ മഞ്ജുഷ, അബ്ദുൾ റഷീദ്, കമറുദ്ദീൻ വെളിയംകോട്, ടി എസ് അബ്രഹാം, ശശി നെട്ടിശ്ശേരി, പോൾ ചെവിടൻ, ബേബി കണ്ണംപടത്തി, പി എം അക്ബർ, ബേബി മൂക്കൻ തുടങ്ങിയവർ പ്രസംഗിച്ചു.

# മാധ്യമങ്ങളിൽ വിദേശ ടൂറിന്റെ പരസ്യം നൽകി പണം തട്ടിയ ആൾ അറസ്റ്റിൽ

തൃശ്ശൂർ: ടൂർ പാക്കേജ് പ്രകാരം യൂറോപ്പിലേക്ക് വിനോദയാത്ര പോകാമെന്ന പരസ്യം നൽകി ലക്ഷകണക്കിന് രൂപ തട്ടിപ്പ് നടത്തിയ കേസിലെ പ്രതി തിരുവനന്തപുരം ശാസ്തമംഗലം സ്വദേശി ചാർളി വർഗ്ഗീസിനെയാണ് (51 വയസ്സ് ) തൃശ്ശൂർ റൂറൽ പോലീസ് മേധാവി ബി. കൃഷ്ണകുമാർ ഐ പി എസി ന്റെ നിർദ്ദേശപ്രകാരം കൊടുങ്ങല്ലൂർ പൊലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ എസ് എച്ച് ഒ ബി കെ അരുൺ അറസ്റ്റ് ചെയ്തത്.. സബ്ബ് ഇൻസ്പെക്ടർ സാലിം കെ , സജിൽ , എഎസ്ഐ ഷഫീർ ബാബു , പോലീസ് ഉദ്യോ?ഗസ്ഥനായ ജോസഫ് എന്നിവരാണ് അന്വേഷണത്തിൽ ഉണ്ടായിരുന്നത് .



മാധ്യമങ്ങളിൽ ടൂർ പാക്കേജിന്റെ പരസ്യം കണ്ട് ബന്ധപ്പെട്ട കൊടുങ്ങല്ലൂർ മേത്തല എലിശ്ശേരിപ്പാറ സ്വദേശികളായ അശോകൻ (71 വയസ്സ് ), കൂട്ടുകാരൻമാരായ വിജയൻ, രങ്കൻ എന്നിവരാണ് തട്ടിപ്പിനിരകളായത്. ചാർളി ആവശ്യപ്പെട്ട പ്രകാരം ഇവർ വിനോദയാത്രക്കായി 9 ലക്ഷം രൂപയോളം നൽകി. പിന്നീട് ഇയാൾ ഇവരെ കബളിപ്പിച്ച് തന്ത്രപൂർവ്വം ഒഴിവാക്കുകയായിരുന്നു. തങ്ങൾ തട്ടിപ്പിനിരകളായതായി സംശയം തോന്നിയ ഇവർ വിനോദയാത്ര സ്ഥാപനം അന്വേഷിച്ചു ചെന്നപ്പോൾ സ്ഥാപനം അടച്ചു പൂട്ടിയതായി കണ്ടെത്തി.

തുടർന്ന് അശോകൻ കൊടുങ്ങല്ലൂർ പോലീസിൽ പരാതി നൽകിയതിനെ തുടർന്ന് കേസ് രജിസ്റ്റർ ചെയ്തു. തട്ടിപ്പ നടത്തിയ ചാർളി തട്ടിപ്പിനു ശേഷം പല സ്ഥലങ്ങളിൽ മാറി മാറി താമസിക്കുകയായിരുന്നു. അന്വേഷണത്തിൽ തൃശ്ശൂർ റൂറൽ മേധാവി ബി കൃഷ്ണകുമാർ ഐ പി എസിന് കിട്ടിയ രഹസ്യ വിവരത്തെ തുടർന്നാണ് പ്രതി അറസ്റ്റിലാവുന്നത്.

സമാനമായ രീതിയിൽ തട്ടിപ്പ് നടത്തിയതിന് ചാർളിക്കെതിരെ തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷനിൽ കേസ് നിലവിലുണ്ട്.

# കേന്ദ്രബജറ്റിൽ തൃശൂരിന് വട്ടപ്പൂജ്യം, ആദിവാസികൾക്ക് അധിക്ഷേപം; സുരേഷ് ഗോപി രാജിവയ്ക്കണം: സിപിഐ

തൃശൂർ:- കേന്ദ്ര ബജറ്റിൽ കേരളത്തെയും തൃശൂരിനെയും സമ്പൂർണ്ണമായി അവഗണിച്ച, രാജ്യത്തെ ആദിവാസി ജനവിഭാഗങ്ങളെയാകെ അധിക്ഷേപിച്ച തൃശൂർ എംപിയും കേന്ദ്ര സഹമന്ത്രിയുമായ സുരേഷ്ഗോപി രാജി വയ്ക്കണമെന്ന് സിപിഐ തൃശൂർ ജില്ലാ സെക്രട്ടറി കെ കെ വത്സരാജ് ആവശ്യപ്പെട്ടു. 2023-24 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര ബജറ്റിനും ഈ വർഷത്തെ ബജറ്റിനും മുന്നോടിയായി സുരേഷ്ഗോപി നിരവധി വാഗ്ദാനങ്ങളാണ് നടത്തിയത്. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ തൃശൂരിൽ സ്ഥാനാർത്ഥിയായി മത്സരിക്കുന്ന സമയത്തും തുടർന്നും പൊള്ളയായ വാഗ്ദാനങ്ങളുടെ പെരുമഴയായിരുന്നു. എന്നാൽ, തെരഞ്ഞെടുപ്പ് വിജയിച്ചതിനുശേഷം അദ്ദേഹം പറഞ്ഞതെല്ലാം വിഴുങ്ങുകയാണ് ചെയ്തത്. നിരന്തരമായ ഈ അവഗണന സംബന്ധിച്ച് തൃശൂരിലെ ജനങ്ങളോട് മറുപടി പറയാൻ സുരേഷ്ഗോപി ബാദ്ധ്യസ്ഥനാണ്. ആദിവാസി ജനവിഭാഗങ്ങളുടെ ക്ഷേമം ഉറപ്പാക്കണമെങ്കിൽ ഉന്നത കുലജാതനായ ഒരാളെ പട്ടികവർഗ്ഗ വകുപ്പിന്റെ മന്ത്രിയാക്കണമെന്ന് പറഞ്ഞതുവഴി സുരേഷ്ഗോപി ഗുരുതരമായ സത്യപ്രതിജ്ഞാലംഘനമാണ് നടത്തിയിരിക്കുന്നത്. ഒരു നിമിഷംപോലും അദ്ദേഹത്തിന് മന്ത്രിപദവിയിൽ തുടരാൻ ധാർമ്മികമായും ഭരണഘടനാപരമായും അർഹതയില്ല. അദ്ദേഹം അടിയന്തരമായി രാജിവെച്ച് ഒഴിയുകയാണ് വേണ്ടത്. അല്ലാത്തപക്ഷം, അദ്ദേഹത്തിന്റെ രാജി എഴുതിവാങ്ങാൻ പ്രധാനമന്ത്രി തയ്യാറാകണം.

കേരളം ഒരു ദരിദ്ര പിന്നോക്ക സംസ്ഥാനമാണ് എന്ന് പറഞ്ഞാൽ കേന്ദ്രത്തിൽ നിന്ന് സഹായം കിട്ടിയേക്കാമെന്നാണ് മറ്റൊരു കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ പ്രസ്താവിച്ചത്. ഈ രണ്ടുമന്ത്രിമാരുടെയും അധിക്ഷേപ പ്രസ്താവനകളെ ന്യായീകരിക്കുകയും ശരിവെക്കുകയും ചെയ്ത കേരളത്തിലെ ബി ജെ പി നേതൃത്വം പൊതുസമൂഹത്തോട് മാപ്പുപറയണമെന്നും സിപിഐ ജില്ലാ സെക്രട്ടറി ആവശ്യപ്പെട്ടു.

## ടെണ്ടർ ക്ഷണിച്ചു

തൃശ്ശൂർ : ചേർപ്പ് ഗവ.ഹയർ സെക്കൻഡറി സ്കൂളിൽ ആരംഭിക്കുന്ന സ്കിൽ ഡെവലപ്മെന്റ് സെൻററിൽ ഇലക്ട്രീഷ്യൻ - ഡൊമെസ്റ്റിക് സൊലൂഷൻസ് എന്ന കോഴ്സിലേക്ക് ലാബ് ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിന് മുദ്ര വച്ച ടെണ്ടർ ക്ഷണിച്ചു. ടെണ്ടറുകൾ പ്രിൻസിപ്പൽ, ഗവ.എച്ച്.എസ്.എസ്, ചേർപ്പ് -680 561 എന്ന വിലാസത്തിൽ ഫെബ്രുവരി 20 ന് ഉച്ചക്ക് മൂന്നിന് മുമ്പ് ലഭിക്കണം. ഫോൺ: 9497805037, 0487 2343388

## നിര്യാതയായി

### എലിസബത്ത് (ബേബി)



തൃശ്ശൂർ : കാർമേൽ വീട്ടിൽ സി എ ജോർജ് ഭാര്യ എലിസബത്ത് (ബേബി) (90) ബാംഗ്ലൂരിൽ നിര്യാതയായി. ഫെബ്രുവരി 6ന് തൃശ്ശൂർ പറവട്ടാനിയിലെ ഭവനത്തിൽ രാവിലെ 7 മണിമുതൽ 9 മണിവരെ പൊതുദർശനത്തിന് വെക്കുന്നതാണ്. തുടർന്ന് തൃശ്ശൂർ ചേലക്കോട്ടുകര മൂസ്പെറ്റ് റോഡിലുള്ള SDA ചർച്ചിൽ രാവിലെ 10 മണിക്ക് ശവസംസ്കാര ശുശ്രൂഷ ആരംഭിക്കും.

മക്കൾ : മേരി (ബാംഗ്ലൂർ) സ്റ്റീഫൻ (ഓസ്ട്രേലിയ ഡോക്ടർ), അനിത (അമേരിക്കയിൽ ഡോക്ടർ) മരുമക്കൾ : ബോബി വർഗീസ്, രൂപ സ്റ്റീഫൻ, ലിനോക്സ് ജോബ്.

## ടെണ്ടർ ക്ഷണിച്ചു

തൃശൂർ: സ്റ്റേറ്റ് എക്സൈസ് അക്കാദമി ആൻഡ് റിസർച്ച് സെന്ററിൽ പരിശീലനത്തിനെത്തുന്ന ട്രെയിനികളുടെ തലമുടി ആഴ്ചയിൽ ഒരു തവണ എന്ന കണക്കിൽ മുറിക്കുന്നതിന് പ്രവൃത്തി പരിചയമുള്ള ബാർബർമാരിൽ നിന്നും ടെണ്ടർ ക്ഷണിച്ചു. ടെണ്ടറുകൾ ഫെബ്രുവരി 15 ന് ഉച്ചക്ക് 12 ന് മുമ്പ് ലഭിക്കണം. ഫോൺ: 0487 2388090, 9400069700

# ഐഡിഎഫ്സി ഫസ്റ്റ് ബാങ്കിന്റെ മൂന്നാം പാദ ഫലങ്ങൾ പ്രഖ്യാപിച്ചു

കൊച്ചി : ഐഡിഎഫ്സി ഫസ്റ്റ് ബാങ്ക് ഈ പാദവർഷത്തിലെയും 2024 ഡിസംബർ 31-ന് അവസാനിച്ച ഒമ്പത് മാസത്തെയും ഓഡിറ്റ് ചെയ്യാത്ത സാമ്പത്തിക ഫലങ്ങൾ പ്രസിദ്ധീകരിച്ചു. ഉപഭോക്തൃ നിക്ഷേപം കഴിഞ്ഞ വർഷത്തേതിൽ നിന്ന് 28.8% വർദ്ധിച്ച്, 2023 ഡിസംബർ 31-ന് 1,76,481 കോടി രൂപയായിരുന്നത്, 2024 ഡിസംബർ 31-ൽ 2,27,316 കോടി രൂപയായി. കഴിഞ്ഞ പാദത്തിൽ ബാങ്ക് ക്രെഡിറ്റ് കാർഡ് വിതരണം ചെയ്തത് 3.2 ദശലക്ഷം ആയി അടയാളപ്പെടുത്തുന്നു.

യൂണിവേഴ്സൽ ബാങ്കിംഗിന്റെ ഭാഗമായി നിർമ്മിക്കപ്പെടുന്ന മറ്റെല്ലാ ബിസിനസുകളും, നിക്ഷേപങ്ങൾ, വായ്പകൾ, ക്രെഡിറ്റ് കാർഡുകൾ, സമ്പത്ത്, ക്യാഷ് മാനേജ്മെന്റ്, കോർപ്പറേറ്റ് ബാങ്കിംഗ്, ഫാസ്റ്റ് ടാഗ്, സ്വർണ്ണ വായ്പകൾ എന്നിവയുൾപ്പെടെ നല്ല രീതിയിൽ പ്രവർത്തിക്കുന്നു എന്ന് വി. വൈദ്യനാഥൻ, ബാങ്ക് മാനേജിംഗ് ഡയറക്ടർ & സിഇ അഭിപ്രായപെട്ടു

# ഭാഗ്യലക്ഷ്മി അമ്മ അന്തരിച്ചു



തൃശൂർ: മുതിർന്ന സി പി എം . നേതാവും, മ ഹിള നേതാവും മുൻ ജില്ലാ പഞ്ചായത്ത് മെമ്പറുമായ വടക്കാ ഞ്ചേരി കരുമത്ര പാലിശ്ശേരി ഭാഗ്യലക്ഷ്മി അമ്മ (90) ഇന്ന് വെളുപ്പിന് അന്തരിച്ചു.

ഏറെ നാളായി അസുഖം മൂലം വിശ്രമത്തിലായിരുന്നു. തൃശൂർ വിമല കോളേജിനടുത്ത് മകളുടെ വീട്ടിലായിരുന്നു അന്ത്യം. സംസ്കാരം ഇന്ന് 3 മണിക്ക് തൃശൂർ പാറമേക്കാവ് ശാന്തി ഘട്ടിൽ.

മുൻ കേന്ദ്ര മന്ത്രി പി.ഉണ്ണികൃഷ്ണൻ അടുത്ത ബന്ധുവാണ്. രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക രംഗത്തെ നിരവധി പേർ അന്ത്യാഞ്ജലി അർപ്പിച്ചു. നിരവധി സംഘടനകളുടെ മുഖ്യ ഭാരവാഹികൂടിയായിരുന്നു ഭാഗ്യലക്ഷ്മിഅമ്മ.

# ഹയർ സെക്കന്ററി പരീക്ഷ സമയം മാറ്റണമെന്ന് അധ്യാപകർ; സാധ്യമല്ലെന്ന് മന്ത്രി

തൃശൂർ : ഹയർസെക്കൻഡറി രണ്ടാംവർഷ പരീക്ഷ ടൈംടേബിൾ മാറ്റണമെന്ന ആവശ്യമായി അധ്യാപകർ വിദ്യാഭ്യാസ മന്ത്രിക്ക് മുന്നിൽ. ഉച്ചയ്ക്കു ശേഷമുള്ള പ്ലസ് ടു പരീക്ഷാ സമയത്തിൽ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ടാണ് അധ്യാപകർ വിദ്യാഭ്യാസ മന്ത്രിക്ക് കത്ത് നൽകിയത്.

പ്ലസ് വൺ ഇംപ്രൂവ്മെന്റ് പരീക്ഷയടക്കം തുടർച്ചയായി പരീക്ഷകൾ നടത്തുന്നതും മാർച്ച് മാസത്തിലെ കനത്ത ചൂടും വിദ്യാർത്ഥികളിൽ ബുദ്ധിമുട്ടുണ്ടാകുമെന്ന് ചൂണ്ടിക്കാട്ടിയാണ് അധ്യാപകരുടെ കത്ത്. ഇതുകൊണ്ടുതന്നെ പ്ലസ് ടു പരീക്ഷാ സമയം മാറ്റണമെന്നും കത്തിൽ ആവശ്യപ്പെട്ടു. എന്നാൽ പരീക്ഷകളെല്ലാം ക്രമീകരിച്ചു കഴിഞ്ഞുവെന്നും ടൈംടേബിൾ മാറ്റാൻ കഴിയില്ലെന്നും മന്ത്രി മറുപടി നൽകി. പരീക്ഷകളുടെ ഹാൾടിക്കറ്റ് വിതരണം ചെയ്യുന്ന നടപടികളിലേക്ക് കടന്നു കഴിഞ്ഞു. ഈ സാഹചര്യത്തിൽ ടൈംടേബിൾ മാറ്റാൻ കഴിയില്ല എന്നാണ് മന്ത്രിയുടെ മറുപടി.

# അമല ദേശീയ പുസ്തകോത്സവം സമാപിച്ചു

തൃശ്ശൂർ: അമല മെഡിക്കൽ കോളേജിൽ 3 ദിവസമായി നടത്തിയ ദേശീയപുസ്തകോത്സവത്തിൻറെ സമാപനസമ്മേളനം കവി റഫീക് അഹമ്മദ് ഉദ്ഘാടനം ചെയ്തു. ഡോ.ആൻറണി കള്ളിയത്ത് എഴുതിയ 'ഡോക്ടർ പേഷ്യൻറ് റിലേഷൻഷിപ്പ് കമ്മ്യൂണിക്കേഷൻ ആൻറ് എതിക്സ്' എന്ന പുസ്തകം റഫീക് അഹമ്മദ് പ്രകാശനം ചെയ്തു. അമല ഡയറക്ടർ ഫാ.ജൂലിയസ് അറയ്ക്കൽ, ജോയിൻറ് ഡയറക്ടർ ഫാ. ഡെൽജോ പുത്തൂർ, ചീഫ് ലൈബ്രേറിയൻ ഡോ. എ. ടി.ഫ്രാൻസിസ്, ജോയിൻറ കൺവീനർ ഗ്ലാഡിസ് ജോർജ്ജ്, മെഡിക്കൽ, നഴ്സിംഗ്, പാരാമെഡിക്കൽ, ഡിപ്ലോമ നഴ്സിംഗ് ആയുർവ്വേദ കോഴ്സ് വിദ്യാർത്ഥി പ്രതിനിധികളായ എസ്തേർ നിമ തോമസ്, ഷാൻറോ പി.ടി., ശ്രീരേഖ ഇ.എസ്., ആതിര എലിസബത്ത്., ഹരിപ്രിയ എസ്. എന്നിവർ പ്രസംഗിച്ചു. വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

## പി.എസ്.സി. അഭിമുഖം

തൃശ്ശൂർ: ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ മലയാളം മീഡിയം എൽ.പി. സ്കൂൾ ടീച്ചർ ( കാറ്റ്. നമ്പർ : 709/ 2023) തസ്തികയിലേക്ക് 2024 ഡിസംബർ 12 ന് പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട 90 ഉദ്യോഗാർത്ഥികൾക്കുള്ള അദ്യഘട്ട അഭിമുഖം ഫെബ്രുവരി 5, 6, 7 തിയതികളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ തൃശ്ശൂർ ജില്ലാ ഓഫീസിൽ നടക്കും. ഉദ്യോഗാത്ഥികൾക്കുള്ള അറിയിപ്പ് എസ്.എം.എസ്., പ്രൊഫൈൽ മെസേജ് എന്നിവ മുഖേന നൽകിയിട്ടുണ്ട്. ഉദ്യോഗാർത്ഥികൾ അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത് നിശ്ചിത സമയത്ത് അഭിമുഖത്തിന് ഹാജരാകണം.

# ഇരിഞ്ഞാലക്കുട ഭാരതീയ വിദ്യാഭവനിൽ ഒഡീസി നൃത്ത ശില്പശാല

ഇരിങ്ങാലക്കുട: കേന്ദ്ര സാംസ്കാരികവകുപ്പും സ്പിക് മാക്കെ (Society for the Promotion of Indian Classical Music And Culture Amongst Youth) യും സംയുക്തമായി നടത്തുന്ന കലാ പൈതൃക പ്രചാരണയജ്ഞത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ഒഡീസി ശില്പശാലയ്ക്ക് ഇരിങ്ങാലക്കുട ഭാരതീയ വിദ്യാഭവൻ വേദിയാകുന്നു. പ്രസിദ്ധ ഒഡീസി നർത്തകി മധുലിത മൊഹപാത്ര നയിക്കുന്ന ശില്പശാല ഫെ. 7 വെള്ളിയാഴ്ച രാവിലെ 11. 00 മണിക്ക് സ്കൂൾ ഓഡിറ്റോറിയത്തിൽ ആരംഭിക്കും.

കേന്ദ്ര സംഗീതനാടക അക്കാദമിയുടെ ഉസ്താദ് ബിസ്മില്ലാ ഖാൻ യുവപുരസ്കാർ, യു. കെ. പാർലമെന്റിലെ IIW She Inspires Award 2024, നാഷണൽ IIDF അവാർഡ് 2017, BCKA യുവ കലാപ്രതിഭ പുരസ്കാരം, ആരതി കലാരത്ന പുരസ്കാരം, ഫീനിക്സ് അരിസോണ, യുഎസ്എ & GTF വിമൻസ് എക്സലൻസ് തുടങ്ങിയ ധാരാളം പുരസ്കാരങ്ങൾ നേടിയിട്ടുള്ള മധുലിത മൊഹപാത്ര, ദൂരദർശന്റെ 'എ' ഗ്രേഡ് ആർട്ടിസ്റ്റും ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസിന്റെ (ഐസിസിആർ) എംപാനൽഡ് ആർട്ടിസ്റ്റുമാണ്.

## വാർത്താ ച്ചുരുക്കം

- പെറ്റ് കാർണിവൽ തൃശൂർ ആലുക്കാസ് ഗ്രൗണ്ടിൽ നടന്നു
- തൃശൂർ പുലരി ബാല സാഹിത്യ അവാർഡ് സമർപ്പണം ജവഹർ സി. ബാലഭവനിൽ നടന്നു. സി ആർ ദാസിന്റെ പുസ്തക പ്രകാശനവും ഉണ്ടായി.
- സംസ്ഥാനത്ത് ജല ജീവൻ മിഷൻ പദ്ധതി തകരാറുകൾ ഉടൻ പരിഹരിക്കണമെന്ന്. ജൽ ജീവൻമിഷൻ കോൺട്രാക്ടേഴ്സ് സംയുക്ത സമിതിയുടേതാണ് ആവശ്യം
- കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ - സംസ്ഥാന തല മികവുത്സവം തൃശൂരിൽ ഗംഭീരമായി നടന്നു. വിദ്യാഭ്യാസം കൂടുതൽ ജനകീയമാക്കുന്ന പഠന പരിപാടികൾ ആവിഷ്കരിച്ചു.
- പുന്നയൂർക്കുളം സൈനുദ്ദീൻ രചിച്ച കഥാ സമാഹാരം - ക്രിമിനൽ താമസിച്ചിരുന്ന വീട് - പ്രകാശനം ചെയ്തു. യുവ കലാ സാഹിതി സാഹിത്യ അക്കാദമി ഹാളിലായിരുന്നു പ്രകാശനം ഒരുക്കിയത്.
- ഒല്ലൂർതൈക്കാട്ടുശ്ശേരി വൈദ്യരത്നം ആയുർവേദ കോളേജിന് നബാർഡ് അക്രിഡിറ്റേഷൻ ലഭിച്ചു. ആയതിന്റെ പ്രഖ്യാപന-അനുമോദനയോഗം വിപുലമായി നടന്നു.
- സംസ്ഥാന കിഡ്സ് അത്ലറ്റിക്സ് ചാമ്പ്യൻഷിപ്പ് തൃശൂരിൽ നടന്നു. കോർപ്പറേഷൻ/ഇന്റോർ സ്റ്റേഡിയങ്ങളിലായിരുന്നു മത്സരം.
- സംസ്ഥാനത്ത് ഹൈസ്കൂൾ - ഹയർ സെക്കന്ററി വിദ്യാത്ഥികൾക്ക് ആദ്യമായി സംസ്കൃതം മെഗാ ക്വിസ് മത്സരം സംഘടിപ്പിച്ചു. പുറനാട്ടുകരയിലെ സെൻട്രൽ സംസ്കൃത യൂണിവേഴ്സിറ്റി കാമ്പസിലായിരുന്നു ക്വിസ് നടന്നത്.
- മണ്ണുത്തി മുല്ലക്കര തോട്ടപ്പടി - മുല്ലക്കര ജാറം ആണ്ട് നേർച്ച ഏഴാം തീയതി തുടങ്ങും. 13 ന് സമാപിക്കും. ആത്മീയ സംഗമങ്ങൾ, വിപുലമായ നേർച്ച. ഭക്ഷണ വിതരണം തുടങ്ങി വിപുലമായ പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.
- സ്ത്രീകളിലെ കാൻസർ നേരത്തെ കണ്ടെത്തി ചികിത്സിക്കാനുള്ള കർമ്മ പദ്ധതി ആരോഗ്യ വകുപ്പ് തുടങ്ങുന്നു. ആരോഗ്യം ആ നന്ദം - എന്ന പദ്ധതി 4 മുതൽ തുടങ്ങി. മാർച്ച് 8 - ന് സമാപിക്കും. വിപുല പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളത്

## കോടതി പരസ്യം

**ബഹു. തൃശൂർ MACT മുമ്പാകെ**

OP(MV): 297/2021

വിഷ്ണു

- ഹരജിക്കാരൻ

1) സഞ്ജന പി. വി, W/o. വിനോദ്, പുതുവീട്ടിൽ ഹൗസ്, കരയാംമുട്ടം പി ഒ., വലപ്പാട്, തൃശൂർ

2) ഷൈൻ S/o. വിനോദ്, പുതുവീട്ടിൽ ഹൗസ്, കരയാംമുട്ടം പി ഒ., വലപ്പാട്, തൃശൂർ

-1, 2 എതൃകക്ഷികൾ

മേൽ നമ്പറിൽ 1, 2 എതൃകക്ഷികൾക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ അനുവദിച്ച് കേസ് **20-02-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 4-2-2025

ഹരജിഭാഗം അഡ്വക്കെറ്റ്

**ബി ഗോപാലകൃഷ്ണൻ** (ഒപ്പ്)

## കോടതി പരസ്യം

**ബഹു. തൃശൂർ MACT മുമ്പാകെ**

OP(MV): 298/2021

ഗോകുൽ

- ഹരജിക്കാരൻ

11) സഞ്ജന പി. വി, W/o. വിനോദ്, പുതുവീട്ടിൽ ഹൗസ്, കരയാംമുട്ടം പി ഒ., വലപ്പാട്, തൃശൂർ

2) ഷൈൻ S/o. വിനോദ്, പുതുവീട്ടിൽ ഹൗസ്, കരയാംമുട്ടം പി ഒ., വലപ്പാട്, തൃശൂർ

-1, 2 എതൃകക്ഷികൾ

മേൽ നമ്പറിൽ 1, 2 എതൃകക്ഷികൾക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ അനുവദിച്ച് കേസ് **20-02-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 4-2-2025

ഹരജിഭാഗം അഡ്വക്കെറ്റ്

**ബി ഗോപാലകൃഷ്ണൻ** (ഒപ്പ്)

## NOTIFICATION

I, **HANNA NAZER V,** D/O ABDUL NAZER V V, Vannerivalappil (H), Konganoor,Parempadam, Akathiyoor P O,Thrissur Dt, PIN 680519 hereby inviting to the notice of the Public that my Second Sem.B.Ed Exam marklist of April 2022 with Reg.Nos: OVAVTEG006 of University of Calicut has been irrecoverably lost during a travel and as such I intend to apply for the duplicate of Second Sem.B.Ed Exam marklist. If anybody happens to get the original may kindly send the same or intimate the undersigned of the University.

Certified that the aforesaid facts are absolutely true.

(Sd/-)

**HANNA NAZER V**

Place : PAREMPADAM

Date : 04-02-2025

## S S L C ബുക്ക് നഷ്ടപ്പെട്ടു

2017 മാർച്ചിൽ 287611 നമ്പറിലുള്ള എന്റെ SSLC Book വീണ്ടെടുക്കാൻ പറ്റാത്തവിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി മുമ്പാകെ നിയമാനുസൃതമുള്ള അപേക്ഷ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപം ഉള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.

എന്ന്,

**ആദർശ് കെ എസ്,** () ശശിധരൻ

കുംഭക്കേരി വീട്, മുരിയാട്

തൃശൂർ ജില്ല

## കോടതി പരസ്യം

**ബഹു. തൃശൂർ മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണൽ മുമ്പാകെ**

OP(MV): 1307/2018

IA: 1/2020

ദി യുണൈറ്റഡ് ഇന്ത്യ ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ്

-ഹരജിക്കാരൻ/

3-ാം എതൃകക്ഷി

നാരായണൻകുട്ടി, S/o.ശങ്കരനാരായണൻ, കുന്നത്ത് ഹൗസ്, പി ഒ ചേലക്കര, തൃശൂർ-680586

-2-ാം എതൃകക്ഷി

R1 in OP

മേൽ നമ്പർ മെയിൻ ഹരജിയിലെ 1-ാം എതൃകക്ഷിയോട് 13-1-2018 കാലയളവിലെ ഡ്രൈവിംഗ് ലൈസൻസ് & ബാഡ്ജ് ബഹു, ട്രൈബ്യൂണൽ മുമ്പാകെ ഹാജരാക്കുന്നതിനായി ബോധിപ്പിച്ച IA: 1/2020 നമ്പർ ഹരജിയിൽ 2-ാം എതൃകക്ഷി (R1 in OP)ക്കുള്ള നോട്ടീസ് പതിച്ചുനടത്താൻ കല്പിച്ച് മേൽ നമ്പർ ഹരജി **22-02-2025** തിയ്യതിക്ക് വെച്ചിട്ടുള്ളതാണ്. ടി എതൃകക്ഷി 22-2-2025 തിയ്യതി പകൽ 11 മണിക്ക് ബഹു. ട്രൈബ്യൂണൽ മുമ്പാകെ ഹാജരാകാത്തപക്ഷം ടി എതൃകക്ഷിയെ കൂടാതെ ഹരജി തീർപ്പ് കല്പിക്കുന്നതാണെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 04-2-2025

ഹരജി (R1 in OP) ഭാഗം അഡ്വക്കെറ്റ്

**ജോഷി ജോസ്** (ഒപ്പ്)

## കോടതി പരസ്യം

**ബഹു. തൃശൂർ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ മുമ്പാകെ**

OP(MV): 1306/2018

IA: 2/2020

ദി യുണൈറ്റഡ് ഇന്ത്യ ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ്

-ഹരജിക്കാരൻ/

3-ാം എതൃകക്ഷി

നാരായണൻകുട്ടി, S/o.ശങ്കരനാരായണൻ, കുന്നത്ത് ഹൗസ്, പി ഒ ചേലക്കര, തൃശൂർ-680586

-2-ാം എതൃകക്ഷി/

(R1 in OP)

മേൽ നമ്പർ മെയിൻ ഹരജിയിലെ 1-ാം എതൃകക്ഷിയോട് 13-1-2018 കാലയളവിലെ ഡ്രൈവിംഗ് ലൈസൻസ് & ബാഡ്ജ് ബഹു, ട്രൈബ്യൂണൽ മുമ്പാകെ ഹാജരാക്കുന്നതിനായി ബോധിപ്പിച്ച IA: 1/2020 നമ്പർ ഹരജിയിൽ 2-ാം എതൃകക്ഷി (R1 in OP)ക്കുള്ള നോട്ടീസ് പതിച്ചുനടത്താൻ കല്പിച്ച് മേൽ നമ്പർ ഹരജി **22-02-2025** തിയ്യതിക്ക് വെച്ചിട്ടുള്ളതാണ്. ടി എതൃകക്ഷി 22-2-2025 തിയ്യതി പകൽ 11 മണിക്ക് ബഹു. ട്രൈബ്യൂണൽ മുമ്പാകെ ഹാജരാകാത്തപക്ഷം ടി എതൃകക്ഷിയെ കൂടാതെ ഹരജി തീർപ്പ് കല്പിക്കുന്നതാണെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 04-2-2025

ഹരജി (R1 in OP) ഭാഗം അഡ്വക്കെറ്റ്

**ജോഷി ജോസ്** (ഒപ്പ്)